**ജനനം / മരണം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്ററർ ചെയ്യാൻ ഒരു വർഷത്തിൽ കൂടുതൽ കാലതാമസം നേരിട്ടാൽ പ്രസ്തുത കാലതാമസം മാപ്പക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസിൽ നിലവിലുള്ള നിബന്ധനകൾ**

1) കാലതാമസം മാപ്പാക്കുന്നതിന് 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ തൃശ്ശൂർ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് സമർപ്പിക്കണം.
2) ജനനം / മരണം രജിസ്റ്റർ ചെയ്യപ്പെടേണ്ടയാളുടെ ഏറ്റവും അടുത്ത രക്തബന്ധു അപേക്ഷ സമർപ്പിക്കണം.
3) രജിസ്റ്റർ ചെയ്യാൻ കാലതാമസം നേരിട്ടതിനുള്ള മതിയായ കാരണം അപേക്ഷയിൽ വ്യക്തമാക്കണം.
4) ഇപ്പോൾ രജിസ്റ്റർ ചെയ്യേണ്ടതിന്റെ യഥാർത്ഥ അവശ്യം അപേക്ഷയിൽ വ്യക്തമാക്കണം.
5) പ്രസ്തുത മരണം/ജനനം അയത് സംഭവിച്ച കാലയളവിൽ ബന്ധപ്പെട്ട തദ്ദേശസയം ഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല ഏന്നു കാണിക്കുന്ന (N.A.C) സർട്ടിഫിക്കറ്റ് ഹാജരാക്കണം. ജനനം രജിസ്റ്റർ ചെയ്യുന്നതിന് പിതാവിന്റെയും മാതാവിന്റെയും സ്വദേശത്തെ N.A.C യും ഹാജരാക്കണം.
6) അപേക്ഷയിൽ സൂചിപ്പിച്ച വിവരങ്ങൾ രേഖപ്പെടുത്തികൊണ്ട് അപേക്ഷകന്റെ പേരിൽ വ് ങ്ങിയ 100 രൂ വിലയുള്ള മുദ്ര് ത്തിൽഅപേക്ഷകൻ നോട്ടറി പബ്ളിക്ക്, അഡ്വക്കേറ്റ് /ഗസറ്റഡ് ഓഫീസർ മുമ്പാകെ വെച്ച് ഒപ്പിട്ട സത്യവാങ്മൂലം ഹാജരാക്കണം.
7) ജനനം രജിസ്റ്റർ ചെയ്യുന്നതിന് എസ്.എസ്.എൽ. സി . ബുക്ക് , പാസ്പോർട്ട് തുടങ്ങി ജനനതീയ്യതി തെളിയിക്കാനുതകുന്ന എല്ലാ രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം..
8) മരണം രജിസ്റ്റർ ചെയ്യുന്നതിന് മരണതീയതി തെളിയിക്കുന്നതിനുതകുന്ന ലഭ്യമായ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കണം.
9) റവന്യൂ ഡിവിഷണൽ ഓഫീസിൽ ലഭിച്ച അപേക്ഷയിൽ ബന്ധപ്പെട്ട വില്ലേജാഫീസർ മുഖേന അന്വേഷണം നടത്തി തഹസിൽദാർ വഴി റിപ്പോർട്ട് ലഭിക്കണം.
10) ജനനം രജിസ്റ്റർ ചെയ്യേണ്ട ഏല്ലാ അപേക്ഷയിലും മരണം രജിസ്റ്റർ ചെയ്യേണ്ട കേസുകളിൽ അവശ്യമെങ്കിലും വിചാരണ നടത്തുന്നതായിക്കും. വിചാരണയ്ക്കായി തിരിച്ചറിയൽ കാർഡ്, അസ്സൽ രേഖകൾ ഏന്നിവ സഹിതം ഹാജരാകണം.
11) അപേക്ഷകൻ അർ.ഡി.ഒ മുമ്പാകെ തിരിച്ചരിയൽ കാർഡു സഹിതം നേരിട്ട് ഹാജരായി പ്രത്യേകം സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യണം.
12) രജിസ്റ്റർ ചെയ്യാനുണ്ടായ കാലതാമസം മാപ്പാക്കികൊണ്ടുള്ള ഉത്തരവ് മാത്രമാണ് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് നൽകുന്നത് പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നാണ് രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നത്